REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-07-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഓസ്ട്രേലിയയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസിനൊപ്പം ഇന്ത്യ - ഓസ്ട്രേലിയ CEO ഫോറത്തിൽ പങ്കെടുത്തു.**
- **പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തെ MP-മാരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത്.**
- **വയനാട് കള്ളാടി മണ്ണിടിച്ചിലിൽ കാണാതായവരിൽ മൂന്ന് പേരുടെ മൃതദേഹം കൂടി ഇന്ന് കണ്ടെത്തി.**
- **മഴ ശക്തമായതിനെ തുടർന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ജാഗ്രതാ മുന്നറിയിപ്പിൽ മാറ്റം. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിലെ ആദ്യ ക്വാർട്ടറിൽ, നാളെ പുലർച്ചെ ഫ്രാൻസ് മൊറോക്കോയെ നേരിടും.**

## വാർത്തകൾ വിശദമായി

മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഓസ്ട്രേലിയയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസിനൊപ്പം ഇന്ത്യ - ഓസ്ട്രേലിയ CEO ഫോറത്തിൽ പങ്കെടുത്തു. ഇരുരാജ്യങ്ങളിലെയും വ്യവസായ പ്രമുഖരുമായി ഇരുനേതാക്കളും കൂടിക്കാഴ്ച നടത്തി.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്......

ഇന്ത്യയും ഓസ്ട്രേലിയയും വിശ്വസനീയ പങ്കാളികളായി മുന്നോട്ട് പോകേണ്ടത് അനിവാര്യമാണെന്ന് വ്യവസായ പ്രമുഖരുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി പറഞ്ഞു. വിക്ടോറിയയിലെ ഗവൺമെന്റ് ഹൗസിൽ മൂന്നാം വാർഷിക നേതൃ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുകയാണ്.

നരേന്ദ്രമോദി വൈകിട്ട് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസുമായി ഉഭയകക്ഷി ചർച്ച നടത്തും. വ്യാപാരം, പ്രതിരോധം, തന്ത്രപ്രധാന സാങ്കേതികവിദ്യകൾ, വിദ്യാഭ്യാസം, ഇരുരാജ്യങ്ങളിലെയും ജനങ്ങൾ തമ്മിൽ ബന്ധം എന്നിവ ശക്തമാക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചാകും ചർച്ച. പ്രധാനമന്ത്രി മെൽബണിലെ ഇന്ത്യൻ സമൂഹത്തെയും അഭിസംബോധന ചെയ്യും.

ഓസ്ട്രേലിയൻ സൂപ്പറിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പോൾ ഷ്രോഡർ, പ്രഖ്യാപിച്ച അഞ്ഞൂറ് മില്യൺ ഓസ്ട്രേലിയൻ ഡോളർ നിക്ഷേപത്തെ ഇന്ത്യ സ്വാഗതം ചെയ്തു. രാജ്യത്തിന്റെ ചലനാത്മക സമ്പദ്‌വ്യവസ്ഥ ആഗോള നിക്ഷേപകർക്ക് നൽകുന്ന അവസരങ്ങളെയും, ആത്മവിശ്വാസത്തെയുമാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ആഭ്യന്തര സുരക്ഷയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസും സംയുക്ത പ്രസ്താവന നടത്തി. ഇന്ത്യയുടേയും ഓസ്ട്രേലിയയുടെയും സമുദ്ര തീരങ്ങളുടെ സുരക്ഷ വർധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കാൻ ഇരു നേതാക്കളും ധാരണയിലെത്തി.

✪✪✪

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ബ്രിക്സ് വനിതാ മന്ത്രി തല യോഗം ഇന്ന് കൊച്ചിയിൽ സമാപിക്കും. 'സംയുക്ത വനിതാ മന്ത്രിതല പ്രമേയത്തിന്റെ കരട് അവതരിപ്പിക്കും.

ഇന്നലെ സംയുക്ത പ്രഖ്യാപനത്തിന്റെ കരട് രൂപത്തിന്മേൽ, വിവിധ രാജ്യങ്ങളിലെ മന്ത്രിമാർ ചർച്ച നടത്തി. കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി, സഹമന്ത്രി സാവിത്രി ഠാക്കൂർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. 11 രാജ്യങ്ങളിൽ നിന്നും, പ്രതിനിധികൾ യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിലൂടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പവലിയനും ഒരുക്കിയിട്ടുണ്ട്.

✪✪✪

പിനാക ദീർഘദൂര ഗൈഡഡ് റോക്കറ്റ്, DRDO വിജയകരമായി പരീക്ഷിച്ചു. ഒഡീഷയിലെ ചാന്ദിപ്പൂരിൽ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിലായിരുന്നു പരീക്ഷണ വിക്ഷേപണം. ആർമമെന്റ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ്, ഹൈ എനർജി മെറ്റീരിയൽസ് റിസർച്ച് ലബോറട്ടറി എന്നിവയുടെ സഹകരണത്തോടെയാണ്, പിനാക ദീർഘദൂര ഗൈഡഡ് റോക്കറ്റ് വികസിപ്പിച്ചത്. പരീക്ഷണ വിജയത്തിൽ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് DRDO-യെ അഭിനന്ദിച്ചു.

✪✪✪

ABVP സ്ഥാപക ദിനത്തിൽ എല്ലാ പ്രവർത്തകർക്കും കേന്ദ്രമന്ത്രിമാരായ അമിത് ഷായും, രാജ്നാഥ് സിംഗും ആശംസ നേർന്നു.

'രാജ്യം ആദ്യം' എന്ന ആശയമുൾക്കൊണ്ട്, ABVP പതിറ്റാണ്ടുകളായി വിദ്യാർത്ഥികളെ രാഷ്ട്രസേവനം, നേതൃത്വം, സാമൂഹിക ഉത്തരവാദിത്തം എന്നിവയിലേക്ക് പ്രചോദിപ്പിച്ചുവരികയാണെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു. സ്വാമി വിവേകാനന്ദന്റെ ആദർശങ്ങളിലൂടെ, വിദ്യാർത്ഥി ശക്തി സംഘടിപ്പിച്ച് ദേശസ്നേഹത്തിന്റെ ആത്മാവ് വളർത്തുക എന്ന ദൗത്യമാണ് സംഘടന നിർവ്വഹിക്കുന്നതെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തെ ലോക്സഭ, രാജ്യസഭാംഗങ്ങളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് നടക്കും. സംസ്ഥാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, പാർലമെന്റിൽ ഉന്നയിക്കേണ്ട വിഷയങ്ങളും യോഗം ചർച്ച ചെയ്യും. മുഖ്യമന്ത്രിയും, മന്ത്രിമാരും യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ DGP-മാരുടെ യോഗം നാളെ തിരുവനന്തപുരത്ത് ചേരും. മന്ത്രി രമേശ് ചെന്നിത്തലയാണ് പോലീസ് ആസ്ഥാനത്ത് യോഗം വിളിച്ചത്.

✪✪✪

രാജ്യത്ത് പഞ്ചവത്സര പദ്ധതി ആരംഭിച്ചിട്ട് ഇന്നേയ്ക്ക് 75 വർഷം. ഇന്ത്യയിൽ ആസൂത്രിതമായ സാമ്പത്തിക വികസനം ആരംഭിച്ചത് ഒന്നാം പഞ്ചവത്സര പദ്ധതിയോടെയാണ്. 1951 ജൂലൈ ഒൻപതിനാണ് പ്രഥമ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു, ആദ്യ പഞ്ചവത്സര പദ്ധതി അവതരിപ്പിച്ചത്.

✪✪✪

വയനാട് കള്ളാടി മണ്ണിടിച്ചിലിൽ കാണാതായവരിൽ മൂന്ന് പേരുടെ മൃതദേഹം കൂടി ഇന്ന് കണ്ടെത്തി. ഇതോടെ മരിച്ചവരുടെ എണ്ണം ആറായി. ഒന്നാം സോണിൽ നിന്നാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. മരിച്ച എസ്കവേറ്റർ ഓപ്പറേറ്റർ ബീഹാർ സ്വദേശി മുഹമ്മദ് ഇംറാനെ തിരിച്ചറിഞ്ഞു. രണ്ടു പേരെ തിരിച്ചറിഞ്ഞിട്ടില്ല.

കാണാതായ രണ്ട് പേർക്കായി തിരച്ചിൽ തുടരുകയാണ്.

✪✪✪

പ്രതിപക്ഷ നേതാവ് പിണറായി വിജയനും, CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദനും വയനാട് കള്ളാടിയിലെ ദുരന്ത മേഖല സന്ദർശിച്ചു. ദുരിതാശ്വാസ ക്യാമ്പിലും, പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലും കഴിയുന്നവരെ ഇരുവരും കണ്ടു.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ, കെട്ടിട ഭാഗം  തകർന്നു വീണു. രണ്ടാം പ്ലാറ്റ് ഫോമിലെ പഴയ കെട്ടിടമാണ് പൊളിഞ്ഞു വീണത്. റയിൽവേ സ്റ്റേഷൻ നവീകരണത്തിന്റെ ഭാഗമായി പൊളിക്കാൻ തീരുമാനിച്ചിരുന്ന കെട്ടിടമാണ് തകർന്നത്. സംഭവ സമയത്ത് നിർത്തിയിട്ട ട്രെയിൻ  സ്ഥലത്തുണ്ടായിരുന്നു. കെട്ടിടത്തിന്റെ മേൽക്കൂരയുടെ ഭാഗങ്ങളും നിലം പതിച്ചിട്ടുണ്ട്. ആളപായം ഇല്ല.

✪✪✪

സംസ്ഥാനത്തെ എഞ്ചിനിയറിംഗ് പ്രവേശനത്തിന് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഇതിൽ ഉൾപ്പെട്ടവർ ഈ മാസം 12-നകം ഫീസ് അടച്ച് പ്രവേശനം ഉറപ്പുവരുത്തണം. ഫീസ് അടയ്ക്കാത്തവരെ ആദ്യ രണ്ട് അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല.

✪✪✪

മഴ ശക്തമായതിനെ തുടർന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ജാഗ്രതാ മുന്നറിയിപ്പിൽ മാറ്റം. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കണ്ണൂർ, കാസർകോഡ്, കോഴിക്കോട് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന്, സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

കാലവർഷം ശക്തമായതോടെ പാലക്കാട് ജില്ലയിലെ ഡാമുകളിലും പുഴകളിലും ജലനിരപ്പ് ഉയർന്നു. മലമ്പുഴയിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

......വോയ്സ്........

ഇന്നലെ ജില്ലയിൽ ജില്ലയിൽ ശരാശരി 15 മില്ലി മീറ്റർ മഴയാണ് ലഭിച്ചത്. മണ്ണാർക്കാട് ഭാഗത്താണ് കൂടുതൽ മഴ ലഭിച്ചത്. ശക്തമായ മലവെള്ള പാച്ചിലിൽ അലനല്ലൂർ കണ്ണംകുണ്ട് നിലമ്പത്തി പാലത്തിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടു. നെല്ലിയാമ്പതി ചുരം പാതയിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. മലമ്പുഴ പറച്ചാത്തി തൊടിന് സമീപമുള്ള ഉന്നതിയിലെ നാലു കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. ഇന്ന് രാവിലെ മുതലും ജില്ലയിലെ പലയിടങ്ങളിലും ശക്തമായ മഴ പെയ്യുന്നുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ തുടരുന്ന കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം. മലയോര പ്രദേശങ്ങളിൽ മഴക്കെടുതി രൂക്ഷമാണ്. ധർമ്മടം വില്ലേജിൽ കാറ്റിൽ മരം വീണ് 15 ഓളം വീടുകൾക്ക് കേടുപറ്റി.

✪✪✪

കനത്ത മഴയോടൊപ്പം  വീശിയ ശക്തമായ കാറ്റിൽ കോഴിക്കോട് നാദാപുരം മേഖലയിൽ വ്യാപക നാശനഷ്ടമുണ്ടായി. ചെക്യാട്  പഞ്ചായത്തിലെ കാലികുളമ്പ്, എളമ്പാ, നാദാപുരം  പഞ്ചായത്തിലെ ചീയ്യൂർ എന്നിവിടങ്ങളിൽ വീടുകൾക്കും കെട്ടിടങ്ങൾക്കും നാശനഷ്ടമുണ്ടായി. താമരശ്ശേരി ചുരത്തിൽ ഓടിക്കൊണ്ടിരുന്ന കാറിന് മുകളിലേയ്ക്ക്  മരം വീണു. പരിക്കേറ്റ യാത്രക്കാരെ ആശുപത്രിയിൽ എത്തിച്ചു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ആദ്യ ക്വാർട്ടർ ഫൈനലിൽ, നാളെ പുലർച്ചെ ഒന്നരയ്ക്ക് നിലവിലെ റണ്ണേറപ്പായ ഫ്രാൻസ്, മൊറോക്കോയെ നേരിടും. ബോസ്റ്റൺ സ്റ്റേഡിയത്തിലാണ് മത്സരം. രണ്ടാം ക്വാർട്ടറിൽ, ശനിയാഴ്ച സ്പെയിൻ, ബെൽജിയവുമായും, മൂന്നാം ക്വാർട്ടറിൽ, ഞായറാഴ്ച നോർവെ, ഇംഗ്ലണ്ടുമായും ഏറ്റുമുട്ടും.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. രാത്രി പത്തിന് ബ്രിസ്റ്റണിലെ കൗണ്ടി ഗ്രൗണ്ടിൽ മത്സരം ആരംഭിക്കും. പരമ്പരയിൽ 0-2 എന്ന നിലയിൽ ഇന്ത്യ പിന്നിലാണ്.

✪✪✪

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ അണ്ടർ 19, അണ്ടർ 23 ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഒൻപതു ഇന്ത്യൻ വനിതാ താരങ്ങൾ സെമി ഫൈനലിൽ പ്രവേശിച്ചു. തനു, നിഷ, പ്രാചി, നികിത ചന്ദ്, കാജൽ, ശിവാനി, മുസ്കൻ, നൈന, പ്രിയങ്ക എന്നിവരാണ് നേട്ടം സ്വന്തമാക്കിയത്.

✪✪✪

പാലക്കാട് നഗരത്തിലെ പ്രധാന ജങ്ഷനുകളിലെ ഗതാഗതം സുഗമമാക്കുന്നതിന് സംയുക്ത പരിശോധന പൂർത്തിയായി. നഗരസഭയുടെ 'സിഗ്നൽ ഫ്രീ സിറ്റി' പദ്ധതിയുടെ ഭാഗമായാണ് പരിശോധന.

ഒലവക്കോട് ജങ്ഷനിലെ ഗതാഗത കുരുക്ക് പരിഹരിക്കാൻ നിലവിലെ ബസ് സ്റ്റോപ്പുകൾ ക്രമീകരിക്കാൻ തീരുമാനിച്ചു. കാവിൽപാട് പഴയ റയിൽവെ ഗേറ്റിന് സമീപം അടിപ്പാത നിർമ്മിക്കാനും ശുപാർശ നൽകിയിട്ടുണ്ട്. വേണ്ടത്ര സ്ഥലസൗകര്യമുള്ള എസ്. ബി. ഐ ജങ്ഷനിൽ സിഗ്നൽ രഹിത ഗതാഗത സംവിധാനം നടപ്പിലാക്കാനും ധാരണയായിട്ടുണ്ട് .

✪✪✪

കേരള ഗവൺമെന്റ് ഡ്രൈവേഴ്സ് അസോസിയേഷൻ 51-ാം സംസ്ഥാന സമ്മേളനം നാളെയും മറ്റന്നാളും കണ്ണൂരിൽ നടക്കുമെന്ന് സംഘാടകർ കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നാളെ രാവിലെ നവനീതം ഓഡിറ്റോറിയത്തിൽ മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും. പ്രതിനിധി സമ്മേളനം, സെമിനാർ, പൊതുസമ്മേളനം എന്നിവയും ഉണ്ടാകും.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 80 രൂപ കൂടി ഒരുലക്ഷത്തി 5,040 രൂപയായി. 13,130 രൂപയാണ് ഗ്രാമിന്.

✪✪✪

പ്രസിദ്ധമായ ആറന്മുള വള്ളസദ്യ ഈ മാസം 19 മുതൽ സെപ്റ്റംബർ 16 വരെ നടക്കും. 19ന് ഉച്ചയ്ക്ക് മന്ത്രി കെ.മുരളീധരൻ വള്ളസദ്യ ഉദ്ഘാടനം ചെയ്യും. റാന്നി പള്ളിയോടം ഒഴികെ ഇക്കുറി 51 പള്ളിയോടങ്ങളാണ് സദ്യയിൽ പങ്കെടുക്കുക. ഉതൃട്ടാതി ജലോത്സവം ആഗസ്റ്റ് 30ന് നടക്കും.

സെപ്റ്റംബർ 4-നാണ് അഷ്ടമിരോഹിണി സമൂഹ വള്ളസദ്യ നടത്തുക. ഇതുവരെ 470 വഴിപാട് സദ്യകളാണ് ബുക്ക് ചെയ്തിട്ടുള്ളത്.

✪✪✪

ഓണത്തോടനുബന്ധിച്ച് ദക്ഷിണ റെയിൽവേ ഏർപ്പെടുത്തുന്ന പ്രത്യേക ട്രെയിനുകളിൽ റിസർവേഷൻ രാവിലെ ആരംഭിച്ചു.

മൂന്നു സ്പെഷൽ ട്രെയിനുകളുടെ വിവരങ്ങളാണ് ദക്ഷിണ റെയിൽവേ പ്രഖ്യാപിച്ചത്. ഈ മാസം 13 മുതൽ സെപ്റ്റംബർ ഒന്നു വരെ മംഗലാപുരത്തു നിന്ന് കോഴിക്കോട്, പാലക്കാട് വഴി ചെന്നൈയിലേക്ക് തിങ്കളാഴ്ചകളിലും, തിരിച്ച് ബുധനാഴ്ചകളിലും പ്രത്യേക ട്രെയിൻ സർവീസ് നടത്തും.

ആഗസ്റ്റ് 12 മുതൽ സെപ്റ്റംബർ മൂന്നു വരെ ചെന്നൈയിൽ നിന്ന് പാലക്കാട്, എറണാകുളം, കോട്ടയം വഴി കൊല്ലത്തേക്ക് ബുധനാഴ്ചകളിലും, തിരിച്ച് വെള്ളിയാഴ്ചകളിലും, തിരുവനന്തപുരത്തു നിന്ന് കൊല്ലം, ചെങ്കോട്ട വഴി താമ്പരത്തിന് ബുധനാഴ്ചകളിലും തിരിച്ച് വെള്ളിയാഴ്ചകളിലും പ്രത്യേക ട്രെയിൻ ഉണ്ടാകും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത കെ*
*News Team: മണികണ്ഠൻ, നിമിഷ ജി*
*DEO : സി കെ സുബോധ്*